**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4576** **13-03-2023 - ൽ മറുപടിയ്ക്ക്**

**അരുവിക്കര നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിനുമായി മേഖലയിലെ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ മേധാവികളും അടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകാൻ RAAP (Recalibration of Approach and Attitude Programme) എന്ന പദ്ധതിക്ക് സീമാറ്റ്-കേരള രൂപം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് സീമാറ്റ്-കേരള നടത്തിയ ദ്രുതപഠനത്തിന്റെ (Rapid Study) അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തകർക്കുള്ള പ്രത്യേക പരിശീലന പരിപാടിയായ RAAP ആവിഷ്കരിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സീമാറ്റ്-കേരള തിരുവനന്തപുരം, ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിലായിരുന്നു പഠനം നടത്തിയത്. അരുവിക്കര മണ്ഡലത്തിൽപ്പെടുന്ന വിതുര, ഞാറനീലി, പെരിങ്ങമല, ഇടിഞ്ഞാർ തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു തിരുവനന്തപുരം ജില്ലയിൽ ഈ പഠനം നടത്തിയത്. 2023-24 മുതൽ RAAP പരിശീലനങ്ങൾ സംഘടിപ്പിച്ചു തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.** |
| (ബി) | അരുവിക്കര നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസ മാനേജ്മെന്റ് സംബന്ധിച്ച് സീമാറ്റ്-ന്റെ നേതൃത്വത്തിൽ നടന്ന | (ബി) | **സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല.** |

| | | | |
|---|---|---|---|
| | വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ നൽകാമോ? | | **എന്നാൽ പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ശാക്തീകരിക്കുന്നതിനുമായി മേഖലയിലെ വിദ്യാഭ്യാസ ഓഫീസർമാരും സ്കൂൾ മേധാവികളും അടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകാൻ RAAP (Recalibration of Approach and Attitude Programme) എന്ന പദ്ധതിക്ക് സീമാറ്റ്-കേരള രൂപം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് സീമാറ്റ്-കേരള നടത്തിയ ദ്രുതപഠനത്തിന്റെ (Rapid Study) അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തകർക്കുള്ള പ്രത്യേക പരിശീലന പരിപാടിയായ RAAP ആവിഷ്കരിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സീമാറ്റ്-കേരള തിരുവനന്തപുരം, ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിലായിരുന്നു പഠനം നടത്തിയത്. അരുവിക്കര മണ്ഡലത്തിൽപ്പെടുന്ന വിതുര, ഞാറനീലി, പെരിങ്ങമല, ഇടിഞ്ഞാർ തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു തിരുവനന്തപുരം ജില്ലയിൽ ഈ പഠനം നടത്തിയത്. 2023-24 മുതൽ RAAP പരിശീലനങ്ങൾ സംഘടിപ്പിച്ചു തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.** |

സെക്ഷൻ ഓഫീസർ